**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 153** **01-09-2022 - ൽ മറുപടിയ്ക്ക്**

**മാലിന്യ സംസ്കരണ നിയമാവലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ശുചിത്വം ഉറപ്പാക്കുന്നതിനായി മാലിന്യ സംസ്കരണ നിയമാവലി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പൊതുയിടങ്ങളിലെ ശുചിത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | ശുചിത്വവുമായി ബന്ധപ്പെട്ട അവബോധം ജനങ്ങളിൽ ഉണർത്തുന്നതിനായി ശുചിത്വമിഷന്റെ സേവനം ഉപയോഗപ്പെടുത്തുകയും അപ്രകാരം നടപടികൾ ആവിഷ്കരിക്കുകയും ചെയ്തുവരുന്നു. പ്രാഥമികമായി ജനങ്ങളെ മാലിന്യം തരംതിരിക്കുന്നതിനു പഠിപ്പിക്കുകയും മാലിന്യത്തെ അഴുകുന്നവയും അഴുകാത്തവയുമായി വേർതിരിപ്പിച്ച് അഴുകുന്ന മാലിന്യത്തെ അവരവരുടെ ഉത്തരവാദിത്വത്തിൽ സംസ്കരിപ്പിക്കുന്നതിനുള്ള ഉപാധികൾ ഉപയോഗപ്പെടുത്തുന്നതിനും അഴുകാത്ത അജൈവ മാലിന്യം ഹരിതകർമ്മ സേന വഴി ഡോർ ടു ഡോർ കളക്ഷൻ സംവിധാനത്തിലൂടെ ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്കു നൽകുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ട്. തദ്ദേശ സ്ഥാപന തലം മുതൽ സംസ്ഥാന തലം വരെയുള്ള ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ മേൽനോട്ടത്തിനായി ഹരിത മിത്രം - സ്മാർട്ട് ഗാർബേജ് മൊബൈൽ ആപ്പ് നിലവിൽ വന്നിട്ടുണ്ട്. ഓരോ സ്ഥലത്തു നിന്നും ശേഖരിച്ച മാലിന്യങ്ങളുടെ അളവും അവ സംസ്കരിച്ചതിന്റെ കണക്കുകളും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട സംസ്ഥാന ജില്ലാതല സംവിധാനങ്ങൾക്കും ഇതിലൂടെ മനസിലാക്കാൻ സാധിക്കുന്നതാണ്.<br><br>30.07.2022 ലെ GO(Ms) No.168/2022/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണം പൊളിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള 'തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി' 04.01.2021 തീയ്യതിയിലെ സ.ഉ.(ആർ.ടി)നം.18/2021/തസ്വഭവ പ്രകാരം അംഗീകരിച്ച ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.<br><br>പൊതുയിടങ്ങളിലെ ശുചിത്വം ഉറപ്പാക്കാൻ ദൃശ്യ ശ്രാവ്യ വാർത്താ മാധ്യമങ്ങൾ വഴി ബോധവൽക്കരണ പരസ്യങ്ങൾ, മാലിന്യം വലിച്ചെറിയുന്നതിനെതിരെ പരസ്യ ബോർഡുകൾ, മാലിന്യം പൊതു ഇടങ്ങളിൽ വലിച്ചെറിയുന്നവർക്കെതിരെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ വിവിധ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കൽ, CCTV ക്യാമറകൾ സ്ഥാപിച്ച് പൊതു ഇടങ്ങളിൽ ശുചിത്വം ഉറപ്പാക്കൽ എന്നീ നടപടികൾ ഉദ്ദേശിക്കുന്നു.<br><br>കൂടാതെ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ നടപ്പിലാക്കിയത് പോലെ മെക്കനൈസ്ഡ് സ്വീപ്പിംഗ് മെഷീൻ ആവശ്യാനുസരണം വ്യാപിപ്പിക്കുന്നതിനും കമ്മ്യൂണിറ്റി തലത്തിൽ എയ്റോബിക് ബിന്നുകളും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജലാശയങ്ങളെ മാലിന്യ മുക്തമാക്കി സംരക്ഷിക്കുന്നതിനും ശാസ്ത്രീയ ഖര-ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങളൊരുക്കി ജലസ്രോതസ്സുകളിലേക്ക് മാലിന്യം എത്തുന്നത് ഒഴിവാക്കി ആയതിലൂടെ ജല ശുചിത്വ സുസ്ഥിരത ഉറപ്പാക്കുന്നതിനും 'തെളിനീരൊഴുകും നവകേരളം' (ക്ലീൻ അക്വഫർ) എന്ന പേരിൽ ക്യാമ്പയിനും ആരംഭിച്ചിട്ടുണ്ട്.<br><br>15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ചും മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 28.05.2022 തീയ്യതിയിലെ സ.ഉ.(കൈ) നം.115/2022/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗര സഭകളുടെയും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗ രേഖയിൽ ഖര ദ്രവ മാലിന്യ സംസ്കരണ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | വിവിധ സർക്കാർ ഓഫീസുകളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം | (സി) | വിവിധ സർക്കാർ ഓഫീസുകളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം |

| | | | |
|---|---|---|---|
| | ആർക്കാണെന്ന് അറിയിക്കുമോ; | | ആ ഓഫീസിലെ ജീവനക്കാർക്ക് തന്നെയാണ്. ഓഫീസുകളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിന് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ആയത് കൃത്യമായി ചെയ്ത് ഓഫീസ് പരിസരം വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് അതാത് ഓഫീസ് മേലധികാരികളാണ്. |
| (ഡി) | മാലിന്യ സംസ്കരണ നിയമാവലി കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ? | (ഡി) | എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഖരമാലിന്യ പരിപാലന ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ചും മാലിന്യ സംസ്കരണ പദ്ധതികൾ നഗരസഭകളിൽ നടപ്പിലാക്കി വരുന്നുണ്ട്. 2016 ഖരമാലിന്യ പരിപാലന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ഉപനിയമാവലി തയ്യാറാക്കുന്നതിന് സഹായിക്കുന്നതിനായി മാതൃക ഉപനിയമാവലി 19.04.2022-ലെ സ.ഉ.(കൈ) നം.85/2022/എൽ.എസ്.ജി.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൗൾട്രി സ്റ്റാളുകൾക്കും, പൗൾട്രി വേസ്റ്റ് റെന്ററിംഗ് പ്ലാന്റുകൾക്കും ലൈസൻസ് നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് 07.10.2021-ലെ ജി.ഒ.(എം.എസ്.) നം.227/2021/എൽ.എസ്.ജി.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സമ്പൂർണ്ണ ശുചിത്വ കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ബഹു.മുഖ്യമന്ത്രി, ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പ്രതിമാസ അവലോകനയോഗങ്ങൾ നടത്തി വരുന്നു.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ പദവി നൽകുന്നതിന്റെ ഭാഗമായി നടത്തിവരുന്ന പ്രതിമാസ അവലോകന യോഗങ്ങളിലും മാലിന്യ സംസ്കരണ പദ്ധതികൾ അവലോകനം ചെയ്യുന്ന യോഗങ്ങളിലും മാലിന്യ സംസ്കരണ നിയമാവലി |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് ചർച്ച ചെയ്യുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമഗ്ര പഠനം നടത്തുകയും സർക്കാർ നിർദ്ദേശ പ്രകാരമുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അപ്രകാരം പ്രവർത്തിച്ചു പോരുകയും ചെയ്തു വരുന്നു. ഹരിത കർമ്മസേന തരം തിരിച്ചുവച്ചിരിക്കുന്ന അജൈവ മാലിന്യം ശേഖരിച്ച് കൈമാറുന്നതുമൂലം മാലിന്യം കെട്ടിക്കിടക്കുന്നതിനുള്ള അവസരം ഉണ്ടാകുന്നില്ല. തുടർച്ചയായുള്ള പരിശോധനയിലൂടെ ചട്ടലംഘനം നടത്തുന്നവർക്ക് പിഴ ഈടാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷകളും ചുമത്തുന്നു.<br><br>സ്മാർട്ട് ഗാർബേജ് മൊബൈൽ ആപ്പ് മുഖേന പൊതുജനങ്ങൾക്കും മാലിന്യം അലക്ഷ്യമായി നിക്ഷേപിക്കുന്നതു സംബന്ധിച്ച പരാതികൾ സമർപ്പിക്കാവുന്നതും ഇത്തരത്തിലുള്ള പരാതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട സംസ്ഥാന, ജില്ലാതല സംവിധാനങ്ങളുടെയും ശ്രദ്ധയിൽപ്പെടുന്നതും പരിഹാരം ഉണ്ടാകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ